(ബി) ടൂറിസം വകുപ്പിന് ഇക്കാര്യത്തിൽ പ്രത്യേകം നിലപാടുക്കളൊന്നും തന്നെയില്ല.

(സി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ടൂറിസം വികസനത്തിന് കൈക്കൊണ്ടിട്ടുള്ള നടപടി

123 (1015) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ നൽകി ;

(ബി) ടൂറിസം വികസനത്തിന് ലോകബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) ടൂറിസം വകുപ്പിന്റെ പുതിയ പ്രവർത്തനങ്ങളുമായി കൂടുതൽ വിദേശ സഞ്ചാരികളെയും മറ്റ് ടൂറിസ്റ്റുകളെയും ആകർഷിക്കുവാനും അതുമൂലം കൂടുതൽ ആദായം നേടാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 19,17,94,698 രൂപ (പത്തൊൻപത് കോടി പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി എട്ടു രൂപ)

(ബി) ഇല്ല.

(സി) ഉണ്ട്.

ടൂറിസം മാർട്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

124 (1016) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം രംഗത്തുള്ള വികസനം ലക്ഷ്യമാക്കി കൊച്ചിയിൽ വച്ചു നടത്തിയ അന്താരാഷ്ട്ര ടൂറിസം മേളയെത്തുടർന്ന് ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ടൂറിസം മാർട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ ആയിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) മേൽപ്പറഞ്ഞ ടൂറിസം മേളയെ തുടർന്ന് സംസ്ഥാനത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ടൂറിസം രംഗത്തുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ വച്ചു നടത്തിയ കേരള ട്രാവൽ മാർട്ട് എന്ന അന്താരാഷ്ട്ര മേളയുടെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശ്യലക്ഷ്യം നിക്ഷേപ സമാഹരണമല്ല മറിച്ച് പ്രധാനമായും ലക്ഷ്യമിട്ടത്. കേരളത്തിലെ ടൂറിസം ഉൽപ്പന്നങ്ങളുടെ വിപണനമാണ്.

(ബി) വിവിധ രാജ്യങ്ങളിലേയും ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലേയും ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവരെ കേരളത്തിലേയ്ക്ക് ക്ഷണിച്ചുകൊണ്ടു വന്ന് ഇവിടത്തെ ടൂറിസം ഉൽപ്പന്നങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനും അതുവഴി കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വിവിധ പാക്കേജുകൾ വിപണനം നടത്തുവാനും കൂടെയാണ് ഈ മേള സംഘടിപ്പിച്ചുവരുന്നത്. കൂടാതെ കേരളത്തിലെ ടൂറിസം ഉൽപ്പന്നങ്ങളെ ലോക മാധ്യമങ്ങളെ നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതിനും അതുവഴി ആഗോളതലത്തിൽ പ്രചാരംകൂട്ടി വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാനും കൂടെയാണ് ടി മേള സംഘടിപ്പിച്ചത്.

(സി) ഇതിന്റെ തുടർച്ചയായി മലബാർ മേഖലയിൽ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി മിസ്റ്റിക്സ് ഓഫ് മലബാർ എന്ന പദ്ധതി ഈ വർഷം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

വിദേശികൾക്കുനേരെയുള്ള അതിക്രമങ്ങൾ

125 (1017) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം, പാപനാശം തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിദേശികൾക്ക് നേരെയുണ്ടായ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടികൾ എടുത്തുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) തുടർന്നും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

നാഷണൽ ഹൈവേ 47-ൽ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി

126 (1018) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊരട്ടി മുത്തിയുടെ പള്ളി, സമ്പാളൂർപള്ളി, കണ്ണമ്പുഴ ഭഗവതി ക്ഷേത്രം, അതിരപ്പിള്ളി വെള്ളച്ചാട്ടം, തുമ്പൂർമുഴി ഗാർഡൻ, വാഴച്ചാൽ എന്നിവയുടെ ടൂറിസം

LIBRARY ARCHIVES Kerala Legislative Assembly